(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ച നിലവാരത്തിലേയ്ക്ക് സംസ്ഥാന പാതകൾ ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനപാതകൾ എല്ലാംതന്നെ ഇൻഡ്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിച്ച പ്രകാരമുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ 80% ത്തോളം സംസ്ഥാനപാതകൾ ബി.എം.&ബി.സി. നിലവാരത്തിലുള്ളവയാണ്. ശേഷിക്കുന്ന റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും വാഹനസാന്ദ്രത കണക്കിലെടുത്ത് സ്ഥല ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാന പാതകൾ വീതികൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

താവുകുണ്ട് പോത്തുംകുന്ന് നടുവിൽ റോഡ് വീതി കൂട്ടൽ

38(2394) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ബൈപ്പാസ്സായി ഉൾപ്പെടുത്തിയിരുന്ന താവുകുണ്ട് പോത്തുംകുന്ന് നടുവിൽ റോഡ് വീതികൂട്ടി മെക്കാഡം ടാറിംഗ് നടത്തുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

നബാർഡ് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മലയോര ഹൈവേ പദ്ധതിയിൽ ഇതുകൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കുമോ?

വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ടി നിർദ്ദേശം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

റോഡ് ടാറിംഗിനുള്ള മെറ്റൽ സ്റ്റാക്കിംഗ്

39(2395) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടാറിംഗിനും കോൺക്രീറ്റിംഗിനും ആവശ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്ത് റിപ്പോർട്ട് ചെയ്യുന്ന നിലവിലെ നടപടിക്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ടാറിംഗിനും, കോൺക്രീറ്റിനും ആവശ്യമായ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നത് 31-12-2020-ലെ ജി.ഒ (പി)നമ്പർ 167/2020/ഫിൻ, 30-4-2021-ലെ 40/2021/ഫിൻ നമ്പർ സർക്കുലർ എന്നിവയിലെ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ്.

(ബി) വിവിധ പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ ജനസാന്ദ്രത ഇത്തരത്തിൽ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിന് പ്രയാസം സൃഷ്ടിക്കുന്നുണ്ടോ?

മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിനുള്ള സ്ഥല സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോൺക്രീറ്റ് ക്യൂബുകൾ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നത് വഴിയും റോഡിലെ വിവിധ ഘട്ടങ്ങളിലെ ലെവൽസ് റിപ്പോർട്ട് ചെയ്യുന്നത് വഴിയും സ്ഥലപരിശോധന സമയത്ത് കോർകട്ടിംഗ് വഴിയും പ്രവൃത്തിയുടെ ഗുണനിലവാരം വിലയിരുത്താൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്റ്റാക്ക് ചെയ്യേണ്ട മെറ്റലിന്റെ അളവ് കുറയ്ക്കാൻ സാധിക്കുമോ?

കോൺക്രീറ്റ് ക്യൂബുകൾ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നത് വഴിയും റോഡിലെ വിവിധ ഘട്ടങ്ങളിലെ ലെവൽസ് റിപ്പോർട്ട് ചെയ്യുന്നത് വഴിയും സ്ഥല പരിശോധന സമയത്ത് കോർകട്ടിംഗ് വഴിയും പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്താൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരിശോധന കൊണ്ട് സ്റ്റാക്ക് ചെയ്യേണ്ട മെറ്റലിന്റെ അളവ് കുറയ്ക്കുവാൻ സാധിക്കുകയില്ല.

(ഡി) ഒരു റോഡ് പ്രവൃത്തിയിലെ ജി.എസ്.ബി.-യുടെയും വെറ്റ് മിക്സ് മെക്കാഡത്തിന്റെയും അളവ് ഒന്നിച്ച് 100 ക്യൂബിക് മീറ്ററിൽ കൂടുതലുള്ളപ്പോൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ എന്നത് വ്യക്തമാക്കാമോ?

31-12-2020-ലെ ജി.ഒ(പി) നമ്പർ 167/2020/ഫിൻ പ്രകാരം റോഡ് പ്രവൃത്തിയിലെ ജി.എസ്.ബി.-യുടെയും വെറ്റ് മിക്സ് മെക്കാഡം എന്നീ ഓരോ ഇനങ്ങളുടെയും കരാർ അളവ് 100 ക്യൂബിക്ക് മീറ്ററിൽ അധികം ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. എന്നാൽ 30-4-2021-ലെ 40/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം ഏതെങ്കിലും ഒരു ഐറ്റം 100 ക്യൂബിക്ക് മീറ്ററിൽ അധികമായാൽ എല്ലാ ഐറ്റങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly